അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം യോഗ്യത

20 (T 2123) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ആഡിറ്റ് മുതലായ വകുപ്പുകളിൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം യോഗ്യത എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വകുപ്പുകളിൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനുള്ള മിനിമം യോഗ്യതയോടൊപ്പം, ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽനിന്നും ലഭിച്ച പി.ജി.ഡി.സി.എ. ഫസ്റ്റ് ക്ലാസ് ബിരുദം കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു അംഗീകൃത സർവ്വകലാശാലയുടെ ബിഎ/ബി.എസ്സി/ബി.കോം. ബിരുദം അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയാണ് അടിസ്ഥാന യോഗ്യതായി നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഇങ്ങനെയൊരു നിർദ്ദേശം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ചലച്ചിത്ര വികസന കോർപ്പറേഷനിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് നിയമനം

21 (2124) ശ്രീ. വി. ബാലറാം :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചലച്ചിത്ര വികസന കോർപ്പറേഷനിൽ 2-ാം ഗ്രേഡ് അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള എഴുത്തുപരീക്ഷ പി.എസ്.സി. നടത്തിയിരുന്നതെന്നായിരുന്നുവെന്നും അതിന്റെ ഹാൾടിക്കറ്റ് ഉദ്യോഗാർത്ഥികൾക്ക് അയച്ചുകൊടുത്തിരുന്നതെന്നായിരുന്നുവെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പോസ്റ്റിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുള്ള എഴുത്തു പരീക്ഷ എന്നു നടത്തുമെന്ന് ഉദ്യോഗാർത്ഥികളെ മുൻകൂട്ടി അറിയിച്ചിരുന്നുവോ ;

(സി) ഇല്ലാത്തപക്ഷം താമസിച്ച് ഹാൾടിക്കറ്റ് അയച്ചതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly